# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 416 — 13/01/2021 - ലെ മറുപടിക്ക്

**കേരളീയന്റെ ആളോഹരി കടം**

ചോദ്യം | ഉത്തരം

ശ്രീ. പി. ടി. തോമസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയായിരുന്നു എന്ന് വിശദമാക്കാമോ; | 2011 മാർച്ച് 31 ലെ ആകെ കടബാധ്യത 78,673/- കോടി രൂപയായിരുന്നത് 2016 മാർച്ച് 31 ന് 1,57,370/- കോടി രൂപയായി. |
| (ബി) | 2011-16 കാലഘട്ടത്തിലെ മുൻ സർക്കാർ ആരിൽ നിന്നെല്ലാമാണ് കടം വാങ്ങിയിരുന്നത് എന്ന് വിശദമാക്കാമോ; ആ കടത്തിൻമേൽ ഏറ്റവും കൂടുതൽ പലിശ നൽകിയത് ആരിൽ നിന്നെടുത്ത കടത്തിനായിരുന്നു; പ്രസ്തുത തുകയുടെ പലിശ നിരക്ക് എത്രയായിരുന്നു; | 2011-16 കാലഘട്ടത്തിൽ പൊതു വിപണി, നബാർഡ്, National Small Savings Fund, കേന്ദ്ര സർക്കാർ വായ്പ എന്നീയിനങ്ങളിലാണ് പ്രധാനമായും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുള്ളത്. ഇതിൽ National Small Savings Fund ൽ നിന്നുള്ള വായ്പയ്ക്കാണ് കൂടുതൽ പലിശ നൽകേണ്ടി വന്നിട്ടുള്ളത്. ഈ വായ്പയുടെ പലിശ നിരക്ക് 9.5% ആയിരുന്നു. |
| (സി) | 2011-16 കാലയളവിൽ മുൻസർക്കാർ പലിശയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ; | 2011-16 കാലയളവിൽ മുൻ സർക്കാർ പലിശയിനത്തിൽ (മറ്റ് ബാധ്യതയിന്മേലുള്ള പലിശ ഉൾപ്പെടെ) ആകെ 42,644 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br>(തുക കോടിയിൽ)<br>വർഷം – പലിശയടവ്<br>2011-12 – 6293.60<br>2012-13 – 7204.81<br>2013-14 – 8265.38<br>2014-15 – 9769.59<br>2015-16 – 11110.62 |
| (ഡി) | 2020 ഡിസംബർ 31ന് സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 വരെയുള്ള സംസ്ഥാന |

| | | |
|---|---|---|
| | കേരളത്തിന്റെ ദീർഘകാല, ഹ്രസ്വകാല വായ്പകൾക്ക് പലിശയിനത്തിൽ പ്രതിമാസം എത്ര കോടി രൂപയുടെ ബാദ്ധ്യത നിലവിൽ വരുന്നുണ്ടെന്ന് വിശദമാക്കാമോ; | സർക്കാരിന്റെ കടം 2,91,200.41 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം പലിശയിനത്തിൽ 19214.70 കോടി രൂപയാണ് ചെലവായിട്ടുള്ളത്. അതനുസരിച്ച് പ്രതിമാസം ശരാശരി 1601.22 കോടി രൂപയുടെ ബാധ്യത പലിശയിനത്തിൽ വരുന്നുവെന്ന് കണക്കാക്കാവുന്നതാണ്. |
| (ഇ) | ഒരു കേരളീയന്റെ പേരിൽ സംസ്ഥാനം ഇപ്പോൾ എത്ര രൂപ കടത്തിലാണെന്നാണ് കണക്കാക്കുന്നത് എന്ന് വിശദമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 ന് സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,91,200.41 കോടി രൂപയാണ്. അതനുസരിച്ച് ആളോഹരി കടബാധ്യത 84,125.50 രൂപയാണ്. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശത്ത് നിന്നും സർക്കാർ കടം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതം ആരിൽ നിന്നെല്ലാമെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും ഇതുവരെ ഈ പലിശയിനത്തിൽ ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ ഏജൻസികളിൽ നിന്നും വാങ്ങിയ വായ്പകൾ സംബന്ധിച്ച വിവരങ്ങളും വിദേശസഹായ വായ്പകളുടെ പലിശയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിദേശ ഏജൻസികളിൽ നിന്നും വാങ്ങിയ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ :

| ക്രമ നം. | ഏജൻസി | പദ്ധതി | ലഭിച്ച തുക (തുക കോടിയിൽ) | | | |
|---|---|---|---|---|---|---|
| | | | 2016-17 | 2017-18 | 2018-19 | 2019-20* (31.03.2020 വരെ) |
| 1 | ADB | Kerala Sustainable Urban Development Project | 10.27 | 0 | 0 | 0 |
| 2 | IDA | Kerala Local Government and Service Delivery Project | 369.32 | 0 | -87.40 | 0 |
| 3 | World Bank | Dam Rehabilitation Improvement Project | 21.00 | 72.15 | 85.08 | 63.12 |
| 4 | World Bank | Second Kerala Rural Water Supply and Sanitation | 198.58 | 123.47 | 165.04 | 78.48 |
| 5 | IBRD | Kerala State Transport Project | 151.75 | 160.71 | 181.44 | 80.55 |
| 6 | ADB | Additional Skill Improvement for Post Basic Education | 101.22 | 83.75 | 99.08 | 91.42 |
| 7 | GODE | Climate Friendly Urban Mobility Water Transport Kochi | -- | 4.69 | 8.92 | 57.53 |
| 8 | World Bank | First Resilient Kerala Programme Development Policy Financing | -- | -- | -- | 1779.58 |
| Total | | | 852.14 | 444.77 | 452.16 | 2150.68 |

* അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച താല്ക്കാലിക കണക്ക് പ്രകാരം

വിദേശസഹായ വായ്പകളുടെ പലിശയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ :

(തുക കോടിയിൽ)

| വർഷം | പലിശയടവ് |
|---|---|
| 2016-17 | 192.21 |
| 2017-18 | 188.26 |
| 2018-19 | 213.42 |
| 2019-20* | 217.75 |

* അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച താല്ക്കാലിക കണക്ക് പ്രകാരം